©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY


| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2024 ആഗസ്റ്റ് 21<br>21st August 2024<br>1200 ചിങ്ങം 5<br>5th Chingam 1200<br>1946 ശ്രാവണം 30<br>30th Sravana 1946 | നമ്പർ<br>No. | 2692 |


കേരള സർക്കാർ

**തൊഴിലും നൈപുണ്യവും (ബി) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 56/2024/തൊഴിൽ

*തീയതി, തിരുവനന്തപുരം, 2024 ആഗസ്റ്റ് 12*
*1199 കർക്കടകം 28*

**എസ്. ആർ. ഒ. നമ്പർ 746/2024**

2008-ലെ അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വ ആക്റ്റിലെ (2008-ലെ 33-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷിതത്വ ചട്ടങ്ങളിലെ 4-ാം ചട്ടം (1)-ാം ഉപചട്ടവും കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2016 ഫെബ്രുവരി 2-ാം തീയതിയിലെ സ.ഉ.(അച്ചടി) 24/2016/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 11-ാം തീയതിയിലെ 351-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 134/2016-ാം നമ്പരായി പ്രസിദ്ധീകരിച്ചതുമായ 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പദ്ധതി**

1. <u>ചുരുക്കപ്പേരും പ്രാരംഭവും.–</u> (1) ഈ പദ്ധതിയ്ക്ക് 2024-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ (ഭേദഗതി) പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>പദ്ധതിയ്ക്കുള്ള ഭേദഗതി.–</u> 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ 16-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ "10,000 രൂപ" എന്ന അക്കത്തിനും ചിഹ്നത്തിനും വാക്കിനും പകരം "15,000 രൂപ" എന്ന അക്കവും ചിഹ്നവും വാക്കും ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ വാസുകി കെ ഐ എ എസ്,
*ഗവൺമെന്റ് സെക്രട്ടറി.*

**വിശദീകരണ കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുവായ ഉദ്ദേശ്യം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

RSBY/CHIS/CHIS Plus എന്നീ പദ്ധതികൾ ABPMJAY എന്ന കേന്ദ്ര പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് സംസ്ഥാന ആരോഗ്യ ഏജൻസി വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (KASP) പുതുതായി അംഗങ്ങളെ ചേർക്കാത്ത സാഹചര്യത്തിൽ 2019 ഫെബ്രുവരി 12-ാം തീയതിയിലെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 16-ാമത് യോഗതീരുമാനം അംഗീകാരിച്ച് 2015-ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയുടെ 16-ാം ഖണ്ഡിക 2-ാം ഉപഖണ്ഡിക അനുസരിച്ച് അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ പേഷ്യന്റ് ആയുള്ള ചികിത്സയ്ക്ക് അംഗത്വ കാലയളവിനുള്ളിൽ പരമാവധി ചികിത്സാസഹായമായി നൽകിയിരുന്ന 10,000/- രൂപ, 15,000/- രൂപയായി ഉയർത്തുന്നതിനും അതിനനുസൃതമായി പ്രസ്തുത പദ്ധതി ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.08.21 05:57:53 +05:30